"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭവനനിർമ്മാണ വകുപ്പ്- ബജറ്റ് 2024-25- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- എം, എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി- 'നവയുഗം' -തുക അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.11/2025/HSG തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 26/2024/HSG തീയതി 13.06.2024
2. സ. ഉ. (പി) നം. 76/2024/ധന തീയതി 31.08.2024
3. ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 20.09.2024-ലെ KSHB-HO/249/2024-AF1 നം. കത്ത്.
4. സ.ഉ. (സാധാ) നം. 2/2025/HSG തീയതി 25.01.2025

<u>ഉത്തരവ്</u>

2024-25 സാമ്പത്തിക വർഷത്തിൽ 4216-80-800-94 എന്ന ശീർഷകത്തിൽ നിന്നും 3 കോടി രൂപ വിനിയോഗിച്ച് സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്ലാൻ പദ്ധതിയായ എം, എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി- 'നവയുഗം' നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു. വാർഷിക പദ്ധതികൾ പുന:പരിശോധിക്കുവാനും പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് വകുപ്പിന് ആകെ അനുമതി നല്കിയ തുകയുടെ 50% ആയി നിജപ്പെടുത്തുവാനും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ആയതിൻ പ്രകാരം നടപടി സ്വീകരിച്ച്, മേൽ പദ്ധതിയുടെ ഭരണാനുമതി തുക പരാമർശം (4) പ്രകാരം 1,00,00,000/- (ഒരു കോടി) രൂപയായി പുനക്രമീകരിക്കുകയും ചെയ്തു. തുക റിലീസ് ചെയ്തു നല്കണമെന്ന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ എം,എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി- 'നവയുഗം' നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 4216-80-800-94 എന്ന ശീർഷകത്തിൽ നിന്നും 1,00,00,000/- രൂപ (ഒരു കോടി രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച് ഉത്തരവാകുന്നു.

1. 16/04/2018-ലെ സ. ഉ. (പി) നം. 62/2018/ധന-യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2. 09/12/2008-ലെ സർക്കുലർ നം. 84/2008/ധനയിലെയും 30/01/2018-ലെ സർക്കുലർ നം. 08/2018/ധനയിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ. (കൈ) നം. 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാഗേഷ്.ഡി

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
4. ധനകാര്യ (PU-C) വകുപ്പ് (2958691/PU-C3/174/2024-FIN)
5. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 21-03-2025 16:18:34

സെക്ഷൻ ഓഫീസർ